Website:www.scientia.org.in
E-mail:info@scientia.org.in

# Science Initiative

(A forum for the empowerment of Science Teaching)
Haripad Sub Dist.,Alappuzha Dist

**ആമുഖം**

ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് സബ് ജില്ലയിലെ യു.പി.വിഭാഗം ശാസ്ത്രാദ്ധ്യാപകകൂട്ടായ്മയാണ് സയൻസ് ഇനിഷ്യേറ്റിവ്. 2010ലാണ് ഇതിന് തുടക്കം കുറിക്കുന്നത്.ഒരു ക്ലസ്സ്റ്ററിൽ രൂപപ്പെട്ട ശാസ്ത്രാദ്ധ്യപകർക്ക് ഒരു പൊതു വേദിയെന്ന ആശയമാണ് സയൻസ് ഇനിഷ്യേറ്റീവിന്റെ രൂപീകരണത്തിലൂടെ പ്രാവർത്തികമാക്കപ്പെട്ടത്. മികച്ച അദ്ധ്യപനമാണ് ഈ കൂട്ടായ്മയിലൂടെ ഉദ്ദ്യേശിക്കുന്നത്. ‘അദ്ധ്യാപനം ഒരു തൊഴിലല്ല അത് ദൗത്യമാണ് ’ എന്നതാണ് സയൻസ് ഇനിഷ്യേറ്റീവിന്റെ മുദ്രാവാക്യം .സബ് ജില്ലയിലെ അപ്പർപ്രൈമറിവിഭാഗത്തിൽപ്പെട്ട എല്ലാ ശാസ്ത്രാദ്ധ്യാപകരും ഈ കൂട്ടായ്മയിൽ ഉൾപ്പെടുന്നു.

**ലക്ഷ്യം**

ശാസ്ത്രാദ്ധ്യാപനം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെയാണ് ഇത് രൂപീകരിക്കപ്പെട്ടത്. കുട്ടികളിൽ ശാസ്ത്രബോധവും ശാസ്ത്ര ചിന്തയും ഉണർത്തുന്ന തരത്തിലേക്ക് ശാസ്ത്രാശയങ്ങളെ പകർന്നുനൽകുന്നതിന് ഉതകുന്ന രീതിയിൽ ഐ.സി.ടി സാദ്ധ്യതകളെ പ്രയോജനപ്പെടുത്തുന്നതിന് അദ്ധ്യാപകർക്കുള്ള പിന്തുണാ സംവിധാനം ഒരുക്കുക, റഫറൻസ് സൗകര്യങ്ങൾ സൃഷ്ടിക്കുക,സംശയദൂരികരണത്തിനും പരസ്പരം പഠനാശയങ്ങൾ പങ്കുവെയ്ക്കുന്നതിനുള്ള അവസരങ്ങൾ സൃഷ്ടിക്കുക,അന്ധവിശ്വാസങ്ങൾക്കും അനാചരങ്ങൾക്കുമെതിരായുള്ള തിരുത്തൽ ശക്തിയാക്കി ശാസ്ത്രാദ്ധ്യാപകരെ മാറ്റിയെടുക്കുക, അദ്ധ്യാപക വിദ്യാർത്ഥി പരിശീലനങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് സയൻസ് ഇനിഷ്യേറ്റീവ് പ്രവർത്തനം ആരംഭിച്ചത്.

**പ്രവർത്തനരീതി**

കുട്ടികളിൽ ശാസ്ത്രബോധം ഉണർത്തുന്ന തരത്തിൽ നിരവധി പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ സയൻസ് ഇനിഷ്യേറ്റീവിന് കഴിഞ്ഞിട്ടുണ്ട്.ഭാരവാഹികളുടേതായ ഒരു ചട്ടക്കൂടില്ല എന്നത് ഞങ്ങളുടെ പ്രത്യേകതയാണ്. സ്വയം പ്രവർത്തന സന്നദ്ധരായി വന്ന 10 അദ്ധ്യാപകരടങ്ങുന്ന എക്സിക്യൂട്ടിവ് കമ്മിറ്റിയാണ് ഇതിന്റെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നത്. ഔപചാരികമായ രേഖപ്പെടുത്തലുകളോ ഒന്നും തന്നെ ഇതിനില്ല. ഇതിലെ എക്സിക്യൂട്ടീവ് അംഗങ്ങളും സ്കൂളുകളിലെ ഇതുമായ ബന്ധപ്പെട്ട പ്രധാനപ്രവർത്തകരും അറിയപ്പെടുന്നത് കോ-ഓർഡിനേറ്റർ എന്ന പേരിലാണ്. ഇവരാണ് സ്കൂൾതല പ്രവർത്തനങ്ങളുടെ സംഘാടകചുമതലവഹിക്കുന്നത്. ഒരോ പ്രവർത്തനവുമായി ബന്ധപ്പെട്ട് എക്സിക്യൂട്ടീവ് കമ്മിറ്റി ചുമതലപ്പെടുത്തുന്ന ആളായിരിക്കും ആ പ്രവർത്തനത്തിന്റെ സംഘാടനം സബ്ജില്ലാതലത്തിൽ നിർവ്വഹിക്കുക.

**സയൻഷ്യ**

സയൻസ് ഇനിഷ്യേറ്റീവിന്റെ ഔദ്യോഗിക ജിഹ്വയാണ് സയൻഷ്യ. സയൻഷ്യയിലൂടെ ഞങ്ങൾ ഉദ്യേശിക്കുന്നത് ഏറ്റവും പുതിയ ശാസ്ത്രാശങ്ങൾ അദ്ധ്യാപകരിലും കുട്ടികളിലും എത്തിക്കുക,സംശയദുരീകരണത്തിനുള്ള വേദിയൊരുക്കുക,പരസ്പരാശങ്ങൾ പങ്കുവെയ്ക്കാനുള്ള അവസരം സൃഷ്ടിക്കുക, റഫറൻസ് വെബ്സൈറ്റുകൾ പരിചയപ്പെടുത്തുക തുടങ്ങിയവയാണ് ഇതുവരെ വിദേശങ്ങളിൽ നിന്നും സ്വദേശങ്ങളിൽ നിന്നുമായി ഏകദേശം 12,000ത്തിനടുത്ത് ആളുകൾ സയൻഷ്യ സന്ദർശിച്ചുകഴിഞ്ഞു.പ്രധാനപ്പെട്ട ശാസ്ത്രവെബ്സൈറ്റുകളുടെവിപുലമായ ലിങ്കുകൾ സയൻഷ്യയിൽ നൽകിയിട്ടുണ്ട്. ഇതിലൂടെ വളരെ വേഗത്തിൽ റഫറൻസ് സാദ്ധ്യമാക്കുകയാണ് ലക്ഷ്യമാക്കുന്നത്.വിലാസം www.scientia.org.in

**റേഡിയോസയൻഷ്യ**

സയൻസ് ഇനിഷ്യേറ്റീവ് 2013 ജനുവരി 26 ന് ആരംഭിച്ച ഇന്റർനെറ്റ് റേഡിയോയാണ് റേഡിയോ സയൻഷ്യ. ശാസ്ത്രപരിപാടികൾക്ക് മുൻതൂക്കം നൽകിക്കൊണ്ട് വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും പ്രയോജനപ്പെടത്തക്കരീതിയിൽ മറ്റെല്ലാവിഷയങ്ങളുമായും ബന്ധപ്പെട്ട പരിപാടികളും ഇതിലൂടെ പ്രക്ഷേപണം ചെയ്യപ്പെടുന്നുണ്ട്. ഹൈസ്കൂളുകളിലും ഒറ്റപ്പെട്ട ചില യു.പി.സ്കൂളുകളിലും ഒഴികെ ബഹുഭൂരിപക്ഷം യു.പി സ്കൂളുകളിലും ഇന്റർനെറ്റ് സംവിധാനങ്ങളില്ല.. ഈ പരിമിതി പ്രക്ഷേപണം കാര്യക്ഷമമായി അദ്ധ്യാപകരിലും കുട്ടികളിലും എത്തിക്കുന്നതിൽ പ്രശ്നം നേരിടുന്നു. ഇത് പരിഹരിക്കുന്നതിനായി പ്രക്ഷേപണം ചെയ്തപരിപാടികളുടെ സി.ഡികൾ സ്കൂളുകളിൽ എത്തിക്കുന്നതിനും നെറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്തെടുക്കുന്നതിനുമുള്ള സൗകര്യം അടുത്ത അദ്ധ്യയനവർഷം മുതൽ ഏർപ്പെടുത്തും. കൂടാതെ പരിപാടികൾ തയ്യാറാക്കുന്നതിന് സ്കൂളുകളെ സജ്ജമാക്കുന്നതിനായി സ്ക്രിപ്റ്റ് റൈറ്റിംഗ്,റിക്കോർഡിംഗ് തുടങ്ങിയമേഖലകളിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകും. ഇതിലൂടെ കുട്ടികളുടേയും അദ്ധ്യാപകരുടേയും പങ്കാളിത്തത്തോടെ കൂടുതൽ വൈവിദ്ധ്യമാർന്ന പരിപാടികൾ പ്രക്ഷേപണം ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രധാനപ്പെട്ടവിഷയങ്ങളെ അടിസ്ഥാനമാക്കിയുള്ള ക്ലാസ്സുകൾ റേഡിയോസയൻഷ്യ സ്പെഷ്യൽ എഡിഷൻ എന്ന പേരിൽ സയൻഷ്യയിലൂടെ പ്രക്ഷേപണം ചെയ്യപ്പെടുന്നു.

**സയൻഷ്യടി.വി**

സയൻസ് ഇനിഷ്യേറ്റീവ് ആരംഭിച്ച വെബ്കാസ്റ്റിംഗ് സംവിധാനമാണ് സയൻഷ്യ.ടി.വി. വിദഗ്ദ്ധരുടെ ശാസ്ത്രപ്രഭാഷണങ്ങൾ,ലൈവായി സംശയദൂരികരണത്തിനുള്ള അവസരങ്ങൾ എന്നിവ ഇതിലൂടെ സാദ്ധ്യമാക്കും. പരീക്ഷണ സംപ്രേഷണം വിജയകരമായതിനേതുടർന്ന് 2013 ജൂൺ മുതൽ പൂർണ്ണ പ്രവർത്തനം ആരംഭിക്കും.

**സയൻഷ്യാ ഓൺലൈൻ**

ഹരിപ്പാട് ഉപജില്ലയിലെ സയൻസ് ഇനിഷ്യേറ്റീവ്, സയൻസ് ക്ലബ്ബ് എന്നിവക്കുവേണ്ടിയുള്ള ഓൺലൈൻ സംവിധാനമാണ് സയൻഷ്യാ ഓൺലൈൻ.. ഇതിലൂടെ വിവിധ പരിപാടികളുടെ രജിസ്ട്രേഷൻ, സ്കൂൾതല പരിപാടികളുടെ റിസൾട്ടുകൾ തുടങ്ങി നിരവധി ആവശ്യങ്ങൾക്കായി ഈ സംവിധാനം ഇന്ന് സബ് ജില്ലയിൽ ഉപയോഗപ്പെടുത്തുന്നു.

**മെസ്സേജിംഗ് സംവിധാനം**

ഹരിപ്പാട് സബ് ജില്ലയിലെ എൽ.പി,യു.പി,എച്ച്.എസ് വിഭാഗങ്ങളിലെ ഹെഡ്മാസ്റ്റർമാർ ,ബാലശാസ്ത്രവേദി- സയൻസ് ക്ലബ്ബ് കൺവീനർമാർ,സയൻസ് ഇനിഷ്യേറ്റീവ് കോ-ഓർഡിനേറ്റർമാർ എന്നിവരെ പ്രവർത്തനങ്ങൾ കൃത്യമായി അറിയിക്കാനുള്ള എസ്.എം.എസ് സംവിധാനവും സയൻസ് ഇനിഷ്യേറ്റീവ് ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുമൂലം സബ് ജില്ലയിലെ സയൻസുമായി ബന്ധപ്പെട്ട ഓരോപ്രവർത്തനവും കൃത്യമായി അറിയാൻ എല്ലാ സ്കൂളുകൾക്കും കഴിയുന്നു.ഇത് സയൻസ് ക്ലബ്ബ് - സയൻസ് ഇനിഷ്യേറ്റീവ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സഹായകരമായിട്ടുണ്ട്.

**ഏറ്റെടുത്ത പ്രവർത്തനങ്ങൾ**

സയൻസ് ഇനിഷ്യേറ്റീവ് ഏറ്റെടുത്തു നടപ്പാക്കുന്ന പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ക്വിസ് മത്സരങ്ങൾ. ശാസ്ത്രദിനാചരണങ്ങളോടനുബന്ധിച്ച് സബ് ജില്ലയിലെ സ്കൂളുകളിലെല്ലാം തന്നെ ഒരേ സമയത്ത് ഒരേചോദ്യം ഉപയോഗിച്ച് മത്സരം നടത്താൻ സയൻസ് ഇനിഷ്യേറ്റീവിന് കഴിയുന്നു.കൃത്യമായും രഹസ്യസ്വഭാവം നിലനിർത്തിക്കൊണ്ടും ചോദ്യങ്ങൾ എത്തിക്കുന്നതിനും ക്വിസ് മത്സരം സംഘടിപ്പിക്കുന്നതിനും സയൻസ് ഇനിഷ്യേറ്റീവിനും സ്കൂൾതല കോ-ഓർഡിനേറ്റർമാർക്കും കഴിയുന്നു. പ്രത്യേകനെറ്റ് വർക്ക് രൂപപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. ചോദ്യങ്ങൾ ഓൺലൈനായി രഹസ്യ യൂസർനെയിമും പാസ് വേർഡും നൽകി കോ-ഓർഡിനേറ്റർമാർക്ക് എടുക്കാൻ കഴിയുന്നതരത്തിൽ വളരെ വേഗത്തിൽ ചോദ്യങ്ങൾ എത്തിക്കാനും റിസൾട്ട് ഓൺലൈനായി നൽകാനുമുള്ള സംവിധാനങ്ങളും നിലവിലുണ്ട്. ഇതിനായി സയൻഷ്യാ ക്വസ്റ്റ്യൻ എന്നവെബ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. ഓസോൺ ദിനം, പി.സി .റേ ദിനം ,ചാന്ദ്രദിനം, ദേശീയശാസ്ത്രദിനം,ഹിരോഷിമാദിനം തുടങ്ങി പ്രധാനദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ക്വിസ് മത്സരങ്ങൾ സബ് ജില്ലയിലെ മുഴുവൻ യു.പി ,എച്ച്.എസ് വിഭാഗങ്ങളിലായി സംഘടിപ്പിച്ചുവരുന്നു.

സയൻസ് ഇനിഷ്യേറ്റീവ് എല്ലാവർഷവും വിപുലമായി നടപ്പിലാക്കിവരുന്ന പരിപാടികളിൽ ഒന്നാണ് ഹിരോഷിമാ നാഗസാക്കി ദിനത്തോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ. ഇതിനോടനുബന്ധിച്ച് ഹിരോഷിമാ- നാഗസാക്കി ബോംബിംഗിന്റെ ഭീകരത വ്യക്തമാക്കുന്ന ഡോക്യുമെന്ററി എഡിറ്റുചെയ്ത് സ്കൂളുകൾക്ക് നൽകുകയും പ്രദർശിപ്പിക്കുകയും ചെയ്തു. ക്വിസ്മത്സരം,സമാധാനറാലി തുടങ്ങിയ പരിപാടികൾ ഒരേപോലെ മിക്കവാറും എല്ലാസ്കൂളുകളിലും സംഘടിപ്പിക്കാൻ സയൻസ് ഇനിഷ്യേറ്റീവിന്റെ കോ-ഓർഡിനേറ്റർമാർക്ക് കഴിയുന്നുണ്ട്.

5,6,7 ക്ലാസ്സുകളിലെ അടിസ്ഥാനശാസ്ത്രവുമായി ബന്ധപ്പെട്ടുള്ള ഐ.സി.ടി സാദ്ധ്യതകളെ പ്രയോജനപ്പെടുത്തി അദ്ധ്യാപനത്തെ കൂടുതൽ ഫലപ്രദമാക്കുന്നതിനായി പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോകൾ മറ്റ് അനുബന്ധവിവരങ്ങൾ എന്നിവ ശാസ്ത്രാദ്ധ്യപകർക്ക് എത്തിക്കുന്ന പ്രവർത്തനങ്ങളും ചെയ്തുവരുന്നു.

കഴിഞ്ഞ രണ്ടുവർഷമായി സയൻസ് ഇനിഷ്യേറ്റീവ് ഫലപ്രദമായി ഇടപെടുന്ന ഒന്നാണ് അന്താരാഷ്ട്ര ബഹിരാകാശവാരാചരണം. മുൻവർഷങ്ങളിൽ സബ് ജില്ലയിൽ ഇതിനെ ആരും ഗൗരവമായി കണ്ടിരുന്നില്ല. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടത് ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാ സ്കൂളുകളിലും പതിക്കാനായി സയൻസ് ഇനിഷ്യേറ്റീവ് ബഹിരാകാശപോസ്റ്ററുകൾ തയ്യാറാക്കി എത്തിക്കുകയും ബഹിരാകാശ ചരിത്രം അനാവരണം ചെയ്യുന്ന ഒന്നരമണിക്കൂർ ദൈർഘ്യമുള്ള വീഡിയോ എഡിറ്റുചെയ്ത് സ്കൂളുകളിൽ എത്തിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്തു.2012-13 അദ്ധ്യയന വർഷത്തിൽ ബഹിരാകാശവാരാചരണത്തോടനുബന്ധിച്ച് ക്യൂരിയോസിറ്റിയുടെ ചൊവ്വാസന്ദർശനവുമായി ബന്ധപ്പെട്ട് ചൊവ്വ നമ്മുടെ സുഹൃത്ത് എന്ന പേരിൽ വീഡിയോ പ്രദർശനവും ഫോട്ടോപ്രദർശനവും സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ ഐ.എസ്.ആർ.ഒയുടെ ബഹിരാകാശവാരാചരണത്തിന് അനുബന്ധമായി ഹരിപ്പാട് സബ് ജില്ലയിലെ സ്കൂളുകളിൽ പരിപാടികൾ സംഘടിപ്പിക്കാനും ഐ.എസ്.ആർ.ഒയുടെ ബഹിരാകാശമത്സരങ്ങളുടെ സർട്ടിഫിക്കേറ്റുകൾ നേടാൻ മിക്ക

സ്കൂളുകൾക്കും ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. ഇതിനുവേണ്ട പരിപാടികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാൻ സയൻസ് ഇനിഷ്യേറ്റീവും സയൻസ് ക്ലബ്ബ് അസോസിയേഷനും ശ്രമിക്കുന്നതിനാൽ കൂടുതൽ സ്കൂളുകൾ ഐ.എസ്.ആർ. ഒയുടെ ബഹിരാകാശ വാരാചരണപ്രവർത്തനങ്ങളുമായി സഹകരിക്കാൻ സന്നദ്ധമായിട്ടുണ്ട്.

ശുക്രസംതരണവുമായി ബന്ധപ്പെട്ട് സയൻസ് ഇനിഷ്യേറ്റീവിന്റെ ആഭിമുഖ്യത്തിൽ ശ്രദ്ധേയമായ പരിപാടികൾ സംഘടിപ്പിക്കപ്പെട്ടു. അദ്ധ്യാപകർക്കുള്ള പരിശീലനം ഹരിപ്പാട് ബി.ആർ.സിയുടെ സഹകരണത്തോടെ സംഘടിപ്പിക്കുകയുണ്ടായത് വാർത്താപ്രാധാന്യം നേടിയിരുന്നു..1000ൽ പരം കണ്ണടകൾ സയൻസ് ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ സ്കൂളുകളിൽ വിതരണം ചെയ്യപ്പെട്ടു.സയൻസ് ഇനിഷ്യേറ്റീവിന്റെ കോ-ഓർഡിനേറ്റർമാരായ അദ്ധ്യാപകരുടെ നേതൃത്വത്തിൽ രാവിലെ തന്നെ എല്ലാസ്കൂളുകളിലും ശുക്രസംതരണം നിരീക്ഷിക്കാൻ സയൻസ് ഇനിഷ്യേറ്റീവ് അവസരമൊരുക്കി. ശാസ്ത്രസാഹിത്യ പരിഷത്തുമായി സഹകരിച്ചുകൊണ്ട് ഹരിപ്പാട് ഗവ.ബോയ്സ് ഹയർസെക്കന്ററി സ്കൂളിൽ അന്ന് രാവിലെ പ്രത്യേകക്ലാസ്സും പ്രദർശനവും സംഘടിപ്പിച്ചു.കൂടാതെ സയൻഷ്യയിലൂടെ വിവിധ രാജ്യങ്ങളിലെ ശുക്രസംതരണത്തിന്റെ ലൈവ് വെബ്കാസ്റ്റിംഗ് കാണാനുള്ള സൗകര്യവും ഏർപ്പെടുത്തിയിരുന്നു.

**ശാസ്ത്രജ്യോതി**

2012-13 അദ്ധ്യയനവർഷത്തിൽ സയൻസ് ഇനിഷ്യേറ്റീവിന് ഏറ്റവും അഭിമാനിക്കാൻ കഴിഞ്ഞ ഒന്നായിരുന്നു ശാസ്ത്രജ്യോതി. ഹരിപ്പാട് ഉപജില്ല സയൻസ്ക്ലബ്ബ് അസോസിയേഷനുമായി സഹകരിച്ചുകൊണ്ട് ദേശീയ ശാസ്ത്രദിനത്തോടനുബന്ധിച്ച് ഒരുമാസം നീണ്ടുനിന്ന പരിപാടികളാണ് സബ് ജില്ലയിലെ മുഴുവൻ സ്കൂളുകളിലുമായി സംഘടിപ്പിച്ചത്. ഇതിനേക്കുറിച്ച് വൻപ്രചരണപരിപാടികൾ സംഘടിപ്പിക്കാൻ കഴിഞ്ഞു. പോസ്റ്ററുകൾ നോട്ടിസുകൾ, ബാനറുകൾ ,പത്രവാർത്തകൾ തുടങ്ങി വ്യാപകമായ പ്രചരണമാണ് ഇതിനുണ്ടായി. 'ശാസ്ത്രം കുട്ടികളിലേക്ക്' 'ശാസ്ത്രവിജ്ഞാനത്തിന്റെ അനന്തവിഹായസ്സിലേക്ക് പൊതുവിദ്യാലയങ്ങളും.' എന്നിങ്ങനെയുള്ള മുദ്രാവാക്യങ്ങളായിരുന്നു ഇതിലൂടെ മുന്നോട്ടുവെച്ചത്. സ്കൂളുകളിൽ ചിത്രരചനാമത്സരം,ക്വിസ് മത്സരം, ഉപന്യാസമത്സരം കൂടാതെ ഫെബ്രുവരി 7 സയൻസ് ക്ലബ്ബ് ദിനമായി സ്കൂളുകളിൽ ആചരിക്കുകയും രാമൻപ്രഭാവത്തേപ്പറ്റി ക്ലാസ് സംഘടിപ്പിക്കുകയും ചെയ്തു. ഇതിനു മുന്നോടിയായി നങ്ങ്യാർകുളങ്ങര ഗവ.യു.പി സ്കൂളിൽവെച്ച് ശാസ്ത്രാദ്ധ്യാപകർക്ക് ഒരു ദിവസത്തെ പരിശീലനം നൽകി. പരിശീലനക്ലാസ്സിൽ 'രാമൻപ്രഭാവവും പ്രായോഗികതയും.' , 'മാലിന്യങ്ങളും പാരിസ്ഥിതിക പ്രശ്നങ്ങളും ' എന്നീവിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു. ഹരിപ്പാട് ബി.ആർ.സിയിൽ വെച്ച് സയൻസ് ക്ലബ്ബ് പ്രസിഡന്റും സെക്രട്ടറിമാരുമായ കുട്ടികൾക്കുള്ള പരിശീലനവും ഇദം പ്രദമമായി ഹരിപ്പാട് സബ് ജില്ലാ സയൻസ് ക്ലബ്ബ് അസോസിയേഷനുമായി ചേർന്ന് സംഘടിപ്പിക്കാൻ കഴിഞ്ഞു. കാർത്തികപ്പള്ളി ഗവ.യു.പി.സ്കൂളിൽ വെച്ച് 'നാനോടെക്നോളജി ഭാവി പ്രതീക്ഷകൾ' എന്ന വിഷയത്തേപ്പറ്റി ക്ലാസ് സംഘടിപ്പിച്ചു. ഹരിപ്പാട് ഗവ.യു.പി.സ്കൂളിൽ വെച്ച് ' ബയോടെക്നോളജി -ഭാവിസാദ്ധ്യതകൾ' എന്ന വിഷയത്തേപ്പറ്റിയും കുട്ടികൾക്ക് ക്ലാസ് സംഘടിപ്പിക്കപ്പെട്ടു. സബ് ജില്ലാതലത്തിൽ ചിത്രരചനാമത്സരം,ക്വിസ് മത്സരം, ഉപന്യാസമത്സരം ,എന്നിവയും ഇതിനോടനുബന്ധിച്ച് സംഘടിപ്പിക്കപ്പെട്ടു. ഫെബ്രുവരി 28 ന് ദേശീയശാസ്ത്രദിനാചരണത്തോടനുബന്ധിച്ച് സയൻസ് ഇനിഷ്യേറ്റീവ് , ഹരിപ്പാട് സബ് ജില്ലാ സയൻസ് ക്ലബ്ബ് അസോസിയേഷൻ ,ഗവ.എച്ച്.എസ് വീയപുരം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഗവ.എച്ച്.എസ് വീയപുരത്തുവച്ച് ശാസ്ത്രസമ്മേളനം നടത്തുകയുണ്ടായി. യുവശാസ്ത്രജ്ഞനുള്ള ദേശീയഅവാർഡ് ജേതാവും എസ്.എഡി കോളേജ് ജന്തുശാസ്ത്ര വിഭാഗം അസോസിയേറ്റ് പ്രൊഫസറുമായ ഡോ.ജി.നാഗേന്ദ്ര പ്രഭു മുഖ്യപ്രഭാഷണം നടത്തി. "വിളകളിലെ ജനിതകമാറ്റവും ഭക്ഷ്യസുരക്ഷയും പ്രശ്നങ്ങളും സാദ്ധ്യതകളും ട"എന്നതായിരുന്നു പ്രഭാഷണവിഷയം. ശാസ്ത്രജ്യോതി പരിപാടിയോടുകൂടി സയൻസ് ക്ലബ്ബ് പ്രവർത്തനങ്ങൾക്ക് കൂടുതൽ സ്വീകാര്യത അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കുമിടയിൽ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.പ്രവർത്തിക്കുന്ന ശാസ്ത്രാദ്ധ്യാപകരും സയൻസ് ക്ലബ്ബുകളും എന്ന തലത്തിലേക്ക് സബ് ജില്ലയിലെ പ്രവർത്തനങ്ങൾക്ക് ഉണർവ്വുണ്ടാക്കാനായിട്ടുണ്ട്.

**സയൻസ് ക്ലബ്ബ്**

കുട്ടികളുടെ ശാസ്ത്രബോധനത്തേയും ശാസ്ത്രാഭിവാഞ്ഛയേയും ശക്തിപ്പെടുത്തുക,കുട്ടികളുടെ അന്വേഷണാത്മകസ്വഭാവത്തെ പ്രോത്സാഹിപ്പിക്കുക തുടങ്ങി സയൻക്ലബ്ബ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള പൂർണ്ണപിന്തുണയാണ് സയൻസ് ഇനിഷ്യേറ്റീവ് നൽകിവരുന്നത്. ഇത് ഒരു സമാന്തരസംവിധാനമായി മാറാതെ സഹായകസംവിധാനമായാണ് പ്രവർത്തിച്ചുവരുന്നത്. അതുകൊണ്ടുതന്നെ പലപ്പോഴും സയൻസ് ക്ലബ്ബ് പ്രവർത്തനത്തേയും സയൻസ് ഇനിഷ്യേറ്റീവ്പ്രവർത്തനങ്ങളേയും വേർതിരിച്ചറിയാന് കഴിയാത്തതരത്തിൽ ഇഴുകി ചേർന്നിരിക്കുന്നു.സയൻസ് ക്ലബ്ബിന്റെ സജീവപ്രവർത്തകരിൽ ബഹുഭൂരിപക്ഷവും സയൻസ് ഇനിഷ്യേറ്റീവ് പ്രവർത്തകരുമാണ്.സയൻസ് ക്ലബ്ബ് പ്രവർത്തനങ്ങൾക്ക് നൽകുന്ന പ്രാധാന്യത്തെ മുൻനിർത്തി സയൻഷ്യയിൽ സയൻസ് ക്ലബ്ബ് എന്നപേരിൽ പ്രത്യേകമായ പേജും വാർത്തകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ന്യൂസ് എന്നപേജും ആരംഭിച്ചിട്ടുണ്ട്.

**ശാസ്ത്രാദ്ധ്യാപകരുടെ പഠനയാത്ര**

സയൻസ് ഇനിഷ്യേറ്റീവിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ രണ്ടുവർഷമായി ഹരിപ്പാട് സബ് ജില്ലയിലെ യു.പി വിഭാഗം ശാസ്ത്രാദ്ധ്യാപകരുടെ പഠനയാത്ര സംഘടിപ്പിച്ചുവരുന്നു. 2011 ൽ പാലോട് ബോട്ടാണിക്കൽ ഗാർഡൻ ,2012 ൽ

ശാസ്ത്രസാങ്കേതിക  മ്യൂസിയം ,നെയ്യാർഡാം എന്നിവ സന്ദർശിച്ചു കഴിഞ്ഞു. ഇതിലൂടെ ഒരുമയുടെ സന്ദേശം അദ്ധ്യാപകർക്കിടയിൽ പരത്താൻ സയൻസ് ഇനിഷ്യേറ്റീവിന് കഴിയുന്നുണ്ട്.

**ശാസ്ത്രം കുട്ടികളിലേക്ക്.....**

ശാസ്ത്രാദ്ധ്യാപക ശാക്തീകരണത്തെ ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ടാണ് സയൻസ് ഇനിഷ്യേറ്റീവ് പ്രവർത്തനം ആരംഭിച്ചതെങ്കിലും ഇതിന്റെ  ആത്യന്തിക ഗുണഭോക്താവ് കുട്ടികളായിരിക്കണം എന്ന കാഴ്ചപ്പാടാണ് ഞങ്ങൾക്കുള്ളത്. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികളിൽ ബഹുഭൂരിപക്ഷത്തിനും വിലകൂടിയ പുസ്തകങ്ങൾ വാങ്ങാനുള്ള കഴിവോ ഇന്റർനെറ്റ് സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള സൗകര്യങ്ങളോ ഉള്ളവരല്ല. ഇവിടെ ആധുനികമായ ശാസ്ത്രവിഷയങ്ങളേക്കുറിച്ചുള്ള അറിവ് നേടുന്നതിൽ പണം  ഒരു തടസ്സമായി മാറുന്നു. അറിവിന് സമ്പത്ത് തടസ്സമാകുന്ന സാഹചര്യത്തിൽ അവർക്ക് അറിവ് നിഷേധിക്കാൻ പാടില്ല എന്ന തിരിച്ചറിവ് ഞങ്ങളിൽ ഉണ്ടാക്കുന്നു. അതുകൊണ്ടുതന്നെ അവരെ അറിവിന്റെ ലോകത്തേക്ക് കൈപിടിച്ചുയർത്തുവാനുള്ള എളുപ്പവഴി അവരുടെ അദ്ധ്യാപകരാണ്. അവരിലൂടെ ആധുനികമായ ശാസ്ത്രവിഷയങ്ങളുടെ വാതായനങ്ങൾ കുട്ടികൾക്കുമുന്നിൽ തുറന്നിടുക, അവരുടെ സംശയങ്ങളെ ദുരീകരിക്കാൻ വിദഗ്ദ്ധരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുക  ഈ ഒരു രീതിയാണ് സയൻസ് ഇനിഷ്യേറ്റീവെന്ന ഞങ്ങളുടെ ഈ കൂട്ടായ്മ മുന്നോട്ട് വയ്ക്കുന്നത്.  'അദ്ധ്യാപനം ഒരു തൊഴിലല്ല അത് ദൗത്യമാണ് 'എന്ന ഒരു കാഴ്ചപ്പാട് ഞങ്ങൾ പിന്തുടരുമ്പോൾ അദ്ധ്യാപകന്റെ സാമൂഹിക ദൗത്യത്തെ കൂടുതൽ ഉത്തരവാദിത്തത്തോടെ നിർവ്വഹിക്കാനും  സയൻസ് ഇനിഷ്യേറ്റീവെന്ന എളിയകൂട്ടായ്മയെ മുന്നോട്ട് നയിക്കാനുള്ള ചാലകശക്തിയായും അത് മാറുന്നു.

(ഞങ്ങളുടെ പ്രവർത്തനങ്ങളുടെ വ്യക്തമായവിവരങ്ങളും ചിത്രങ്ങളും സയൻഷ്യയുടെ സയൻസ് ക്ലബ്ബ് ്,ന്യൂസ് എന്നീപേജുകളിലായി നൽകിയിട്ടുണ്ട്.)

ഹരിപ്പാട്
22-04-2013

**സി.ജി.സന്തോഷ്**
കോ- ഓർഡിനേറ്റർ
സയൻസ് ഇനിഷ്യേറ്റീവ്